# നീര ഉൽപാദനത്തിന് അനുമതി നൽകണമെന്ന് ശിപാർശ

തിരുവനന്തപുരം: ചട്ടങ്ങളിൽ ഭേദഗതി വരുത്തി സംസ്ഥാനത്തു നീര ഉൽപാദനത്തിന് അനുമതി നൽകണമെന്ന് സമിതി ശിപാർശ. നീര ഉൽപാദനവും വിപണനവും സംബന്ധിച്ച് പ്രായോഗിക നിർദേശം സമർപ്പിക്കാൻ സർക്കാർ നിയോഗിച്ച സമിതിയാണ് ഇക്കാര്യം ശുപാർശ ചെയ്തിട്ടുള്ളത്. സംസ്ഥാനത്ത് നീര ഉൽപാദനം അനുവദിക്കാൻ ആവശ്യമെങ്കിൽ നിയമഭേദഗതി കൊണ്ടു വരുമെന്ന് സമിതി റിപ്പോർട്ട് സ്വീകരിച്ചശേഷം എക്സൈസ് മന്ത്രി കെ.ബാബു അറിയിച്ചു. ആസിയാൻ കരാർ വരുന്നതോടെ അടുത്തവർഷം നീര ഉൾപ്പെടെയുള്ള ഉൽപന്നങ്ങൾ വിദേശ രാജ്യങ്ങളിൽ നിന്നു കേരള വിപണിയിലെത്തും. സർക്കാർ കള്ള് വ്യവസായത്തിന് എതിരല്ല. അതേസമയം കർഷകർക്ക് അനുകൂലവുമാണ്. നാളികേര വിലത്തകർച്ചയിൽ ബുദ്ധിമുട്ടുന്ന കേരകർഷകന് നീര ചെത്തി മൂല്യവർധിത ഉൽപന്നങ്ങൾ നിർമിക്കാൻ അനുമതി നൽകുന്നതിലൂടെ ആശ്വാസം കിട്ടുന്നെങ്കിൽ കിട്ടിക്കോട്ടെയെന്നും മന്ത്രി പറഞ്ഞു. അബ്കാരി നിയമത്തിലെ നിലവിലെ ചട്ടങ്ങൾ അനുസരിച്ചു മധുരക്കള്ള് ഉൽപാദിപ്പിച്ച് വിതരണം നടത്തുന്നതിനു ലൈസൻസ് നൽകാൻ വ്യവസ്ഥയുണ്ട്. ഇതിൽ ആവശ്യമായ ഭേദഗതി വരുത്താനാണു നിർദേശിക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം ക്ലബുകളും ചാരിറ്റബിൾ സൊസൈറ്റികളും രൂപീകരിക്കുന്ന നിയമപ്രകാരം നാളികേര ഉൽപാദക സംഘങ്ങൾ (സി.പി.എസ്) രൂപീകരിച്ച് നാളികേര വികസന ബോർഡിൽ റജിസ്റ്റർ ചെയ്യണം. ഈ സംഘങ്ങൾക്കും അവ ചേർന്നുള്ള ഫെഡറേഷനുകൾക്കും നീര ചെത്തുന്നതിനു ലൈസൻസ് നൽകാനാണ് സമിതിയുടെ നിർദേശം. ഇത്തരത്തിലുള്ള പത്ത് ഫെഡറേഷനുകൾ ചേർത്ത് കമ്പനി രൂപീകരിക്കണം. ഈ കമ്പനിക്കു നാളികേര വികസന ബോർഡ് സാങ്കേതിക സഹായവും ധനസഹായവും നൽകണമെന്നും റിപ്പോർട്ടിൽ പറയുന്നു. യാതൊരു കാരണവശാലും കള്ളുഷാപ്പിനോടു ചേർന്നു നീര യൂണിറ്റ് അനുവദിക്കാൻ പാടില്ലെന്നും ശുപാർശയുണ്ട്.

ചെത്തുതൊഴിലാളി യൂണിയൻ- സി.ഐ.ടി.യു പ്രതിനിധിയുടെ വിയോജന കുറിപ്പോടെയാണ് റിപ്പോർട്ട് തയാറാക്കിയത്. എക്സൈസ് കമ്മിഷണർ അനിൽ സേവ്യർ ചെയർമാനായി ജോ. എക്സൈസ് കമ്മിഷണർ ആർ.കെ. ശ്രീകുമാരൻ ചെട്ടിയാർ, ചെത്തു തൊഴിലാളി യൂണിയനുകളെ പ്രതിനിധീകരിച്ച് എൻ.അഴകേശൻ, ടി.എൻ. രമേശൻ, എം.കെ. ഉണ്ണികൃഷ്ണൻ എന്നിവരും വി.കെ. രാജു ( കേരള കാർഷിക സർവകലാശാല), ബാബു ജോസഫ്- കർഷക പ്രതിനിധി, കൃഷി വകുപ്പ് ഡയറക്ടർ ആർ. അജിത് കുമാർ എന്നിവരടങ്ങിയ സമിതിയാണ് പഠനം നടത്തിയത്.